ക്രമപ്രശ്നം

ഗ്യാലറിയിൽ ഉദ്യോഗസ്ഥരുടെ അഭാവം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. സപ്ലിമെന്ററി ഗ്രാന്റ് ഡിസ്കസ് ചെയ്യുന്ന സമയത്ത് ചീഫ് സെക്രട്ടറിയും അതുപോലെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളിലെ ആളുകളെങ്കിലും ഓഫീസേഴ്സ് ഗാലറിയിൽ വേണം. അവർക്ക് അറിയാം ഇതൊന്നും നടപ്പാക്കാൻ പോകുന്നതല്ല എന്ന്. അതുകൊണ്ടണ്ടാണോ അവർ വരാതിരിക്കുന്നത്; ഇത് ഓർഡറിലാണോ ?

റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ : അത് മുൻപുതന്നെ റൂളിംഗ് കൊടുത്തതാണ്. ഉദ്യോഗസ്ഥരും ബന്ധപ്പെട്ട ആളുകളുമൊക്കെ ഗ്യാലറിയിൽ ഉണ്ടാകണമെന്ന കാര്യത്തിൽ വളരെ നിർബന്ധമുണ്ടാകേണ്ടതാണ്. അത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്.

ധനകാര്യം (തുടർച്ച)

ശ്രീ. കെ. ശിവദാസൻ നായർ : അതുപോലെ ജലവിതരണം സംബന്ധിച്ച് ഞാൻ രാവിലെ ഒരു സബ്മിഷനിൽ സൂചിപ്പിച്ചതാണ്. ജലവിഭവ വകുപ്പ് മന്ത്രി പറയട്ടെ, ഒരു പമ്പ്സെറ്റ് റിപ്പയർ ചെയ്യാനുള്ള പണം പോലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമില്ല. അവർക്ക് ആവശ്യമായ ബഡ്ജറ്റ് അലോക്കേഷൻ അങ്ങ് നൽകിയെന്ന് ശ്രീ. പ്രേമചന്ദ്രൻ പറയുമോ ? സഹകരണമേഖലയിൽ അവർക്ക് ആവശ്യമായ ബഡ്ജറ്റ് അലോക്കേഷൻ അങ്ങ് നൽകിയെന്ന് സഹകരണ വകുപ്പുമന്ത്രി പറയുമോ ? കാർഷിക മേഖലയിൽ ആർ.കെ.വി.വൈ. അല്ലാതെ മറ്റൊരു പദ്ധതിക്കും കാര്യമായ രീതിയിലുള്ള അലോക്കേഷൻ അങ്ങ് നൽകിയില്ല. അങ്ങ് ഇപ്പോൾ റോഡുകളുടെ കാര്യത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ പോകുന്നുഎന്ന് ആറാമത്തെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു. അങ്ങ് അധികാരത്തിൽ വന്നുകഴിഞ്ഞപ്പോൾ ഒ.ഡി.ആർ./ എം.ഡി.ആർ. തർക്കം ഉണ്ടണ്ടാക്കി. ആ ഒ.ഡി.ആർ./എം.ഡി. ആർ. തർക്കംമൂലം മൂന്നരവർഷക്കാലം പി.ഡബ്ല്യു.ഡി. റോഡുകൾക്ക് ഒരു പൈസ പോലും ചെലവിടാൻ തയ്യാറാകത്തതുകാരണം റോഡുകൾ മുഴുവൻ കുളമായി. അങ്ങേയ്ക്ക് ഈ വകുപ്പ് കിട്ടിക്കഴിഞ്ഞപ്പോൾ ആദ്യം ചെയ്തത് കുഴികളുടെ എണ്ണമെടുക്കുകയായിരുന്നു. മാത്രമല്ല കുഴികളുടെ വീഡിയോ ചിത്രങ്ങളും എടുത്തു. കുഴികളുടെ വീഡിയോ ചിത്രങ്ങൾ എടുത്തതുകൊണ്ട് കുഴികളടയ്ക്കാൻ പറ്റുമോ ? പി.ഡബ്ല്യു.ഡി. റോഡുകൾക്ക് ആദ്യത്തെ മൂന്നര വർഷക്കാലം അങ്ങ് എന്ത് ചെലവഴിച്ചു ? മൂന്നര വർഷക്കാലം ഒരു രൂപ പോലും ചെലവഴിക്കാതെ ആറാമത്തെ ബഡ്ജറ്റിൽ ഇല്ലാത്ത ഒരു ബാങ്കിൽ നിന്നും 40,000 കോടി രൂപ കടമെടുത്ത് ഇവിടെ മുഴുവൻ സ്വർഗ്ഗമാക്കുമെന്ന് പറഞ്ഞാൽ ആകാശകുസുമത്തിന് ഒരുപാട് സൗരഭ്യമുണ്ട്, സൗകുമാര്യമുണ്ട് എന്നുപറയുന്നതുപോലെ മാത്രമല്ലേ ? ഇവിടെ അങ്ങ് 4000 കോടി രൂപ മാറ്റിവച്ചു. എത്ര രൂപയുടെ പണി നടന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിനുശേഷം 375 കോടി രൂപയുടെ വർക്ക്,.....അത് വളരെയധികം ശാസ്ത്രീയമായിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly